# അക്കാദമിക് മാസ്റ്റർ പ്ലാൻ




## ശിവവിലാസം വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ

**താമരക്കുടി**

**സ്ഥാപിതം : 1952**

സ്കൂളിന്റെ വിലാസം : എസ്.വി.വി.എച്ച്.എസ്.എസ്

താമരക്കുടി പി ഒ (691560)

കൊട്ടാരക്കര

ഉപജില്ല : കുളക്കട

വിദ്യാഭ്യാസ ജില്ല : കൊട്ടാരക്കര

റവന്യൂ ജില്ല : കൊല്ലം

## ആമുഖം

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ മൈലം ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിലാണ് താമരക്കുടി എസ് വി എച്ച് എസ് എസ് സ്ഥിതി ചെയ്യുന്നത്. ഒരുകാലത്ത് കൃഷിക്കാർ മാത്രം തിങ്ങിപ്പാർത്തിരുന്ന താമരക്കുടി എന്ന കൊച്ചു ഗ്രാമത്തിലുള്ളവർ വിദ്യാഭ്യാസത്തിന് വേണ്ടി മറ്റു നാടുകളെ ആശ്രയിച്ചിരുന്നു .താമരക്കുടി മിഡിൽ സ്കൂൾ എന്ന സംരംഭത്തിന് തുടക്കം കുറിച്ചതോടെ ഈ ഗ്രാമത്തിന്റെ വികസനത്തിന് തുടക്കമായി .അക്കൊല്ലം വരെയും താമരക്കുടിയിലും സമീപപ്രദേശങ്ങളിലും ഉള്ള സാധാരണക്കാരുടെ കുട്ടികൾ കൊട്ടാരക്കര ,തലവൂർ തുടങ്ങിയ പ്രദേശങ്ങളെ ആശ്രയിച്ചായിരുന്നു വിദ്യാഭ്യാസം നടത്തിയിരുന്നത്. ഗതാഗതസൗകര്യം കുറവായിരുന്ന കാലത്ത് മിഡിൽ സ്കൂൾ, കുട്ടികൾക്ക് ഏറ്റവും വലിയ അനുഗ്രഹമായിരുന്നു.

1951-52- ൽ കരയോഗത്തിന്റെ ഇന്നുള്ള അറുപതടി കെട്ടിടത്തിൽ മിഡിൽ സ്കൂൾ താമരക്കുടിയുടെ ആരംഭം കുറിച്ചു. 1957- ൽ സ്കൂൾ മാനേജർ ആയിരുന്ന ശ്രീ വേലായുധൻപിള്ളയുടെ നേതൃത്വത്തിൽ അന്ന് ഹരിപ്പാട് എ.ഇ.ഒ ആയിരുന്ന ശ്രീ.രാമകൃഷ്ണപിള്ളയുടെ നിർദ്ദേശപ്രകാരം ഈ സ്കൂളിനെ ഹൈസ്കൂൾ ആയി ഉയർത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചു. അന്നത്തെ ജനപ്രതിനിധികളായിരുന്ന ശ്രീ തോപ്പിൽ ഭാസി, ശ്രീ ഇ ചന്ദ്രശേഖരൻ നായർ, ശ്രീ വെളിയം ഭാർഗവൻ എന്നിവരുടെ സഹായത്തോടെ അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ ജോസഫ് മുണ്ടശ്ശേരിയിൽ നിന്നും ഹൈസ്കൂളിനുള്ള അനുവാദം ലഭിച്ചു.1957 ൽ ശിവവിലാസം ഹൈസ്കൂൾ എന്ന പേരിൽ താമരക്കുടിയിൽ ഹയർ വിദ്യാഭ്യാസത്തിനുള്ള തുടക്കം കുറിച്ചു. അതോടെ മൈലം പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആയി മാറി .1995-ൽ ഈ വിദ്യാലയം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ആയി ഉയർന്നു.

# കുട്ടികളുടെ എണ്ണം

## യുപി വിഭാഗം

| ആൺ | പെൺ | ആകെ |
|---|---|---|
| 67 | 64 | 131 |

## എച്ച് എസ് വിഭാഗം

| ആൺ | പെൺ | ആകെ |
|---|---|---|
| 82 | 85 | 167 |

## അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം

| | |
|---|---|
| യുപി & എച്ച് എസ് | **20** |

## നിലവിലുള്ള അവസ്ഥ

ക്ലാസ് റൂമുകൾ 24 എണ്ണം എച്ച് .എം റൂം ,പ്രിൻസിപ്പൽ റൂം ,ഓഫീസ് റൂം എന്നിവ പ്രത്യേകം വേർതിരിച്ചിട്ടുള്ളതാണ് .ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റുകൾ ഉണ്ട്.

കുട്ടികൾക്ക് കളിക്കുന്നതിന് ആവശ്യമായ പ്ലേ ഗ്രൗണ്ട്,കളി ഉപകരണങ്ങൾ,മഴവെള്ള സംഭരണി ,സ്കൂൾ ബസ് ,സയൻസ് ലാബ് ,ഐടി ലാബ് എന്നിവ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ലാപ്പ്ടോപ്പ് ,എൽ .സി .ഡി പ്രൊജക്ടർ ,പ്രിന്റർ ,ഇന്റർനെറ്റ് കണക്ഷൻ എന്നിവയുണ്ട്.കുട്ടികൾക്ക് ഇരുന്ന് പുസ്തകം വായിക്കുവാനുള്ള സൗകര്യത്തോടുകൂടി ലൈബ്രറി പ്രവർത്തിക്കുന്നുണ്ട് . ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനുള്ള കിച്ചൺ കം സ്റ്റോർ സൗകര്യം നിലവിലുണ്ട്.

## ഇനി ആവശ്യമുള്ളവ

അടിസ്ഥാന സൗകര്യങ്ങൾ പലതുണ്ടെങ്കിലും ആധുനികകാലത്ത് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് പ്രദാനം ചെയ്യുന്നതിന് പ്രസ്തുത കാര്യങ്ങൾ പൂർണമായും പ്രാപ്തമല്ല. ലാബ് ,ലൈബ്രറി ,ടോയ്‌ലറ്റ് ,ചുറ്റമതിൽ ,ക്ലാസ് റൂമുകൾ എന്നിവ നവീകരിക്കേണ്ടതായ ആവശ്യമുണ്ട്. കുട്ടികളുടെ പഠനത്തിനായി റിസോഴ്സ് റൂം ആവശ്യമാണ്. ഉച്ചഭക്ഷണം കഴിക്കുന്നതിനായി ഡൈനിംഗ് ഹാൾ ആവശ്യമാണ്. മുകളിൽ പറഞ്ഞ കാര്യങ്ങൾ അടുത്ത രണ്ട് വർഷത്തിനുള്ളിൽ ചെയ്തുതീർക്കാൻ ഉദ്ദേശിക്കുന്നു.ഈ സൗകര്യങ്ങൾ പൂർത്തിയാക്കുന്നതിന് സമ്പൂർണ്ണ രക്ഷാകർതൃ പങ്കാളിത്തം, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവയുടെ സഹായം ആവശ്യമാണ്.

# പൊതുലക്ഷ്യങ്ങൾ

## യു .പി & എച്ച്.എസ് വിഭാഗം

- ഓരോ വിഷയവുമായി ബന്ധപ്പെട്ട ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു
- കുട്ടികളുടെ സർഗ്ഗപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുക
- കായികപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുക
- പൊതുവിജ്ഞാനത്തിനുള്ള അറിവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി പ്രത്യേക കോച്ചിംഗ് നൽകുക
- ഇംഗ്ലീഷ് ,ഹിന്ദി എന്നീ ഭാഷകൾ സ്വന്തമായി എഴുതുവാനും വായിക്കുവാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക
- കുട്ടികളിൽ സാമൂഹിക അവബോധം വളർത്തുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സർഗ്ഗപരവും കലാപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- പി.ടി.എയിൽ എല്ലാ രക്ഷകർത്താക്കളുടെയും പൂർണ്ണമായ പങ്കാളിത്തം ഉറപ്പുവരുത്തുക
- ഐ സി റ്റി  ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുക

## ക്ലബ്ബ് പ്രവർത്തനങ്ങൾ

**ഇക്കോ ക്ലബ്ബ്** :പരിസ്ഥിതി സംരക്ഷണ ക്ലാസുകൾ

**മാതൃഭൂമി സീഡ്** :സമൂഹ നന്മ,പാഠ്യേതര പ്രവർത്തനങ്ങൾ

**ഹെൽത്ത് ക്ലബ്ബ്** : കൗൺസിലിംഗ് ക്ലാസുകൾ ,മെഡിക്കൽ ക്യാമ്പ്

**ഭാഷ ക്ലബ്ബ്** : പുസ്തകമരം,അമ്മവായന, എന്റെ എഴുത്തുപെട്ടി ,കഥയരങ്ങ്

**റേഡിയോ ക്ലബ്ബ്** : വിദ്യാഭ്യാസ സെമിനാർ, കലാപരിശീലനം, റേഡിയോ നിലയത്തിൽ കലാപരിപാടി അവതരിപ്പിക്കുന്നതിനുള്ള അവസരം, ശില്പശാലകൾ

**എൻ സി സി 9(K)Bn**: നാഷണൽ ക്യാമ്പ് , ഫയറിങ് പരിശീലനം

**ലിറ്റിൽ കൈറ്റ്സ്** : അനിമേഷൻ, പ്രോഗ്രാമിംഗ്, റോബോട്ടിക്സ് പരിശീലനങ്ങൾ , ക്യാമ്പുകൾ.

**സ്കൗട്ട് &ഗൈഡ്സ്** : രാജ്യപുരസ്കാർ അവാർഡ്, രാഷ്ട്രപതി അവാർഡ് ,ദേശീയ ക്യാമ്പുകളിൽ പങ്കാളിത്തം.

# പദ്ധതി വിശദാംശങ്ങൾ

## യു.പി വിഭാഗം

**മേഖല : അക്കാദമികം**

**ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതുവാനും വായിക്കുവാനുമുള്ള ശേഷി വികസനം | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദനിർമ്മാണം<br>• വാക്യനിർമാണം<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് | 6 മാസം | മലയാളം അധ്യാപകർ | |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | • പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ വായിച്ച് ഉച്ചാരണ ശുദ്ധി വളർത്തുന്നു<br>• നവമാധ്യമങ്ങളുടെ സഹായത്തോടെ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു<br>• അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ക്വിസ് സംഘടിപ്പിക്കുന്നു.<br>• പുസ്തക ചർച്ചകൾ സംഘടിപ്പിക്കുന്നു<br>• വായനാക്കുറിപ്പ് തയ്യാറാക്കുന്നു<br>• പതിപ്പ് തയ്യാറാക്കുന്നു | 6 മാസം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | • ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ<br>• ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• സമീപ ഗ്രന്ഥശാല അംഗത്വം<br>• പത്രവായന<br>• പുസ്തകചർച്ച<br>• വായനക്കുറിപ്പ് പതിപ്പ്<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>• ദിനാചരണം<br>• ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>• ഇ വായന | | | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • എഴുത്തുകൂട്ടം രൂപീകരണം<br>• വായന കുറപ്പ്<br>• ചുമർപത്രിക<br>• വ്യക്തിഗത രചന<br>• സംഘ രചന<br>• സ്കൂൾ മാസിക<br>• ഭാഷാ പ്രോജക്ട്<br>• പുസ്തക ചർച്ച | 6 മാസം - 1 വർഷം | മലയാളം അധ്യാപകർ | |

**മേഖല : അക്കാദമികം**

**ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുക | ◆ പ്രീടെസ്റ്റ് നടത്തുന്നു | ജൂൺ | ഇംഗ്ലീഷ് ടീച്ചർ | |
| ശരിയായി ഇംഗ്ലീഷ് കേട്ട് മനസ്സിലാക്കാനും, സംസാരിക്കാനും അവസരം ഒരുക്കുന്നു | ◆ ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു<br>◆ വിവിധ വസ്തുക്കൾ, മൃഗങ്ങൾ, പക്ഷികൾ തുടങ്ങിയവയുടെ ചിത്രങ്ങൾ കാണിക്കുന്നു. അവയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കുന്നു<br>◆ വിവിധ ചിത്രങ്ങൾ നൽകിയശേഷം നിർദേശങ്ങൾക്കനുസരിച്ച് നിറം ആവശ്യപ്പെടുന്നു.<br>◆ കുട്ടികൾക്ക് പരിചിതമായ ശബ്ദങ്ങൾ കേൾപ്പിക്കുന്നു. അവ തിരിച്ചറിഞ്ഞു പറയാൻ ആവശ്യപ്പെടുന്നു | 3 WEEKS<br>2 WEEKS<br>2 WEEKS<br>4 WEEKS | ഇംഗ്ലീഷ് ടീച്ചർ | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | ◆ വാക്യശകലങ്ങൾ പിരമിഡായി നൽകി പൂർണവാക്യമായി | 2 WEEKS | ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>◆ ചിത്രങ്ങളുള്ള ചെറിയ കഥകൾ വായിക്കാൻ അവസരം നൽകുന്നു<br>◆ ഈണത്തിലും താളത്തിലും പാടാവുന്ന കുട്ടിക്കവിതകൾ കണ്ടെത്തി അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>◆ പല ഘട്ടങ്ങളിലായി വായനാ മത്സരങ്ങൾ നടത്തി പിന്നോക്കം നിൽക്കുന്നവരെ മികച്ച വയനാകരാകാൻ അവസരം നൽകുന്നു. | 1 MONTH<br>9 MONTHS<br>6 MONTHS | ഇംഗ്ലീഷ് ക്ലബ് | |
| ഇംഗ്ലീഷ് ശരിയായ രീതിയിൽ എഴുതാൻ പ്രാപ്തരാകുന്നു. | ◆ അക്ഷരങ്ങളെ ചിത്രങ്ങളാക്കി വരയ്ക്കാൻ അവസരം നൽകുന്നു.<br>◆ മലയാളം വാക്യങ്ങൾ ഇംഗ്ലീഷിലേക്കും, ഇംഗ്ലീഷ് വാക്യങ്ങൾ മലയാളത്തിലേക്കും മാറ്റി എഴുതാൻ അവസരം നൽകുന്നു.<br>◆ ശരിയായ രീതിയിൽ ഇംഗ്ലീഷ് എഴുതാൻ അവസരം നൽകുന്നു (punctuation, capital /small letter)<br>◆ കഥയുടെ ആദ്യഭാഗം നൽകി വികസിപ്പിച്ചെഴുതി | 3days<br>3 weeks<br>Once in a week<br>Monthly process | ഇംഗ്ലീഷ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| | പൂർണ്ണ ആശയമുള്ള കഥകൾ എഴുതാൻ അവസരം നൽകുന്നു.<br>◆ സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ പത്രവാർത്തയാകാൻ അവസരം നൽകുന്നു. | In every term | ഇംഗ്ലീഷ് ക്ലബ് | |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാൻ അവസരം നൽകുന്നു. | ◆ ചിത്രങ്ങൾ നൽകി മനസിലാക്കിയ കാര്യങ്ങൾ പറയാൻ അവസരം നൽകുന്നു.<br>◆ അവധിക്കാല അനുഭവങ്ങൾ സ്വന്തമായി പറയാൻ അവസരം നൽകുന്നു.<br>◆ കാർട്ടൂൺ കഥാപാത്രങ്ങളായി അഭിനയിച് സംഭാഷണങ്ങൾ സ്വന്തമായി പറയാൻ അവസരം നൽകുന്നു (group activity) | 1week<br>2days<br>Every friday | ഇംഗ്ലീഷ് അധ്യാപിക<br>ക്ലാസ്സ് ടീച്ചർ /ഇംഗ്ലീഷ് ടീച്ചർ | |

**മേഖല : അക്കാദമികം**

**ഉപമേഖല : ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ** ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടുത്താനുമുള്ള അവസരം ഒരുക്കുക . | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ ഉൾപ്പെടുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും ചിത്രങ്ങൾ അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക. | |
| **ഹിന്ദി വായന** തെറ്റുകൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകവായന കാർഡുകൾ വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും ഹിന്ദി ചിത്രകഥകൾ അതിൻറെ സിഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക. | |
| **ഹിന്ദി സംസാരം.** ഹിന്ദിയിൽ സംസാരിക്കാൻ കഴിവുണ്ടാക്കിയെടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസ്സിൽ ഉപയോഗിക്കുക അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും **വായനയ്ക്ക്** ഹിന്ദി തെറ്റിച്ച് അധ്യാപിക വായിക്കും .കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക. | |

| | | | | |
|---|---|---|---|---|
| | Reader fight.<br>മത്സര വായന -തെറ്റാതെ ആവർത്തിക്കാതെ കൂടുതൽ വരി വായിക്കുകയാണ് ,ആ കുട്ടിക്ക് സമ്മാനം നൽകുന്ന | | | |
| സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം<br>( സുരീലി ഹിന്ദി) | അധിക വായന സാമഗ്രികൾ<br>ചിത്രകഥ തയ്യാറാക്കാൽ<br>ചിത്രംഅടിക്കുറിപ്പ്<br>കഥപറയൽ<br>കഥയെഴുതൽ<br>ബാക്കി കഥയെഴുത്ത് | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക. | |
| ഭാഷാ പരിപോഷണം | വിവിധ ദിനാചരണ പ്രവർത്തനങ്ങൾ<br>പോസ്റ്റ് ഓഫീസ് റെയിൽവേ സ്റ്റേഷൻ തുടങ്ങിയിടങ്ങളിലേക്കുള്ള സന്ദർശനം (ഹിന്ദിയുടെ പ്രായോഗികത മനസ്സിലാക്കാൻ ) | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക. | |
| ഹിന്ദി ഭാഷ കൈകാര്യം ചെയ്യാൻ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്ന കുട്ടികളെ കണ്ടെത്തി മുൻനിരയിലേക്ക് എത്തിക്കുക. | ഐ സി ടി സഹായത്തോടെ ഹിന്ദി ശ്രവിക്കാനുള്ള അവസരം സൃഷ്ടിക്കുന്നു.<br>വാക്യങ്ങൾ പരിചയപ്പെടുത്തുന്നു.<br>വാക്യങ്ങൾ വഴി അക്ഷരങ്ങളിലേക്ക് എത്തുന്നു ഹിന്ദി ഭാഷയുടെ പ്രായോഗിക തലങ്ങളിലൂടെ കൊണ്ടുപോകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക. | |

മേഖല : അക്കാദമികം

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ പരിശോധിക്കൽ, നേടിയെടുക്കൽ. | **അങ്കത്തട്ട് -കളിയിൽ നിന്ന് കാര്യത്തിലേക്ക്.** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് ചോദ്യങ്ങൾ ഓരോ പഠിതാവിനും നൽകുന്നു. **ഓർമ്മച്ചെപ്പ്:-** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | ജൂൺ – മാർച്ച് | **സാമൂഹ്യശാസ്ത്രഅധ്യാപകർ** | |
| പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **VIRTUAL FIELD TRIP** ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്ര അവബോധം **വളർത്തുന്നു.** | ജൂൺ – മാർച്ച് | **സാമൂഹ്യശാസ്ത്രഅധ്യാപകർ** | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയങ്ങളിൽ നിന്ന് അരങ്ങത്തേക്ക്.** ഗ്രാമസഭ,വാർഡ് സഭ | ജൂൺ – മാർച്ച് | **സാമൂഹ്യശാസ്ത്രഅധ്യാപകർ** | |

| | | | | |
|---|---|---|---|---|
| | എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യരീതികളുടെ അടിസ്ഥാന തത്വം മനസ്സിലാക്കുന്നു. | | | |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | **പ്രകൃതി താണ്ഡവം - നേർക്കാഴ്ച** ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ബോധവാന്മാരാവുകയും ചെയ്യുന്നു. | ജൂൺ – മാർച്ച് | **സാമൂഹ്യശാസ്ത്രഅധ്യാപകർ** | |
| സഹജീവികളോടുള്ള സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **നന്മയുടെ നറുങ്ങുവെട്ടം-** പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ദുരന്തങ്ങൾ അനുഭവിക്കുന്ന വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു | ജൂൺ – മാർച്ച് | **സാമൂഹ്യശാസ്ത്രഅധ്യാപകർ** | |

| | | | | |
|---|---|---|---|---|
| വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും ബോധവാന്മാരാക്കുന്നു | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം:-** സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ജൂൺ – മാർച്ച് | **സാമൂഹ്യശാസ്ത്രഅധ്യാപകർ** | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ.** (Field Trip, SURVEY) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ,തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കി അവയുടെ സംരക്ഷണം ഉറപ്പാക്കുന്നു. | ജൂൺ – മാർച്ച് | **സാമൂഹ്യശാസ്ത്രഅധ്യാപകർ** | |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്** സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരങ്ങൾ | ജൂൺ – മാർച്ച് | **സാമൂഹ്യശാസ്ത്രഅധ്യാപകർ** | |

| | | | | |
|---|---|---|---|---|
| | കണ്ടെത്തുന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | | | |

**മേഖല : അക്കാദമികം**

**ഉപമേഖല : സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ■ **ജൈവവൈവിധ്യ പാർക്ക്** പച്ചക്കറി തോട്ടം, ജൈവവേലി, പൂന്തോട്ടം എന്നിവ ഉൾക്കൊള്ളിച്ച കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. ■ **കണ്ടറിയാൻ ഒരു യാത്ര** ജൈവവൈവിധ്യ സ്ഥലങ്ങൾ സന്ദർശിക്കൽ, ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കുന്നു. (സദാനന്ദപുരം, ബോട്ടാണിക്കൽ ഗാർഡൻ) | ജൂൺ – മാർച്ച് | സയൻസ് ടീച്ചർ | |
| ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾനിർമിക്കുന്നു. പരീക്ഷണക്കുറി പ്പുകൾ തയ്യാറാക്കൽ. <u>**മാസ്റ്റർ മൈൻഡ്**</u> ഊർജ്ജ ക്ലബ്ബ്, ആരോഗ്യക്ലബ്ബ്,ശാസ്ത്രക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര | ജൂൺ – മാർച്ച് | സയൻസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. EXPO-EXPLORE ശാസ്ത്രസാങ്കേതികവിദ്യയിലൂടെ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ ഉപജില്ല ശാസ്ത്ര മത്സരങ്ങളിൽ പങ്കാളികളാകുന്നു. | | | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുന്നു | ശാസ്ത്ര ക്വിസ്/ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.ICT സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിൽ എത്തിക്കുന്നു. | ജൂൺ – മാർച്ച് | സയൻസ് ടീച്ചർ | |

**മേഖല : അക്കാദമികം**

**ഉപമേഖല : ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ◆ അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ➢ യുപി തലത്തിലേക്ക് എത്തിയ കുട്ടികളിൽ ഗണിത ആശയങ്ങൾ ഉറപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി പ്രവർത്തനങ്ങൾ ആദ്യഘട്ടത്തിൽ നൽകുന്നു. അടിസ്ഥാനശേഷികൾ നേടിയിട്ടില്ലാത്ത കുട്ടികൾക്കായി കളിയിലൂടെയും നമ്പർകാർഡ് മഞ്ചാടി മുത്തുകൾ ഫ്ലാഷ് കാർഡ് തുടങ്ങിയവയുടെ സഹായത്തോടെ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മാസം | ഗണിത അധ്യാപിക | |
| ◆ ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ➢ വിദ്യാലയത്തിൽ ചെറിയ രീതിയിൽ എങ്കിലും ഗണിത ലാബ് സജ്ജമാക്കൾ ഗണിത മൂല എന്ന ആശയം.ഗണിത ലാബിൽ വച്ച് ഗണിത ക്ലാസ് നടത്താൻ സ്വയം കണ്ടെത്താനും വിശദീകരിക്കാനും ഉള്ള അവസരം നൽകൽ. | ജൂൺ-മാർച്ച് | കുട്ടികൾ,ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, പിടിഎ |
| ◆ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ | ➢ **ഐടി സാധ്യതകളിലൂടെ** ജാമതീയ രൂപങ്ങൾ ചതുഷ്കിയകൾ ടാൻഗ്രാം പോലുള്ള | ആവശ്യാനുസരണം | ഗണിത അധ്യാപിക | |

| | | | | |
|---|---|---|---|---|
| സാധ്യതകൾ ഗണിത പഠനത്തിനായി ഉപയോഗിക്കൽ | പ്രവർത്തനങ്ങളിൽ ഐടി സാധ്യതകൾ ജിയോജിബ്രായി ലൂടെ കോണുകൾ അവയുടെ പ്രത്യേകതകൾ ത്രികോണ പഠനം ഇവ അനായാസം ഉപയോഗിക്കാനും മനസ്സിലാക്കാനും സാധ്യമാക്കൽ. | | | |
| ◆ ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ➢ **ഗണിത ക്ലിനിക്ക്** ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തിൽ ആവശ്യമായ പിന്തുണ നൽകൽ എത്തിച്ചേർന്ന ആശയങ്ങളുടെ വിലയിരുത്തൽ. | ജൂൺ- മാർച്ച് | കുട്ടികൾ,ഗ ണിത അധ്യാപകർ | |
| ◆ വിവിധ ശേഷികളുടെ വികസനം | ➢ **ദിനാചരണം** ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്ന നിശ്ചിത ദിവസങ്ങളിൽ അവർ സംഘടിപ്പിക്കുന്ന മാസത്തിൽ ഒരിക്കൽ ഗണിത അസംബ്ലി സംഘടിപ്പിക്കൽ ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ. | ജൂൺ- മാർച്ച് | എസ് ആർ ജി | |
| ◆ ഗണിത പഠനം ആയാസരഹിത മാക്കൽ | ➢ യുപിതലത്തിൽ കുട്ടികൾ നേടിയ ഗണിത ആശയങ്ങൾ ഉൾപ്പെടുത്തി ഗണിത നിഘണ്ടു തയ്യാറാക്കൽ ചാർട്ട് | ജൂൺ- മാർച്ച് | കുട്ടികൾ,ഗ ണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | നിർമ്മാണം ടിഎൽഎം നിർമ്മാണം വായന കാർഡ് നിർമ്മാണം. | | | |
| ◆ കുട്ടികളെ മികച്ച ചോദ്യകർത്താക്കൾ ആക്കി മാറ്റൽ | ➢ ഓരോ ഗണിത ആശയവുമായി ബന്ധപ്പെടുത്തി മികച്ച ചോദ്യങ്ങളുടെ നിർമ്മാണം വിശകലനം കുട്ടികൾ തയ്യാറാക്കിയ ചോദ്യങ്ങൾ ഉപയോഗിച്ച് ക്വിസ് ഇവയുടെ ക്രമീകരണം. | ആഴ്ചയിൽ ഒരു പീരീഡ് | കുട്ടികൾ,ഗണിത അധ്യാപകർ | |
| ◆ നിത്യജീവിതത്തിൽ ഗണിത ആശയങ്ങളുടെ പ്രയോഗം | ➢ നിത്യജീവിതത്തിൽ പ്രായോഗികമാക്കാൻ കഴിയുന്ന ഗണിത ആശയങ്ങൾ പ്രയോഗിക്കുകയും വിശദീകരിക്കുകയും വിശകലനം ചെയ്ത് മനസ്സിലാക്കുകയും ചെയ്യുന്നു. | ജൂൺ-മാർച്ച് | കുട്ടികൾ,ഗണിത അധ്യാപകർ | |
| ◆ തൊഴിലിടങ്ങളിലെ ഗണിത ആശയങ്ങൾ | ➢ വിവിധ രൂപങ്ങൾ പരപ്പളവ് വ്യാപ്തം ചുറ്റളവ് എന്നിവയുടെ പ്രയോഗം നീളം വീതി പകുതിയുടെ പരപ്പളവ് എന്നിവയുടെ കണ്ടെത്തൽ മുറിയിലെ ടൈലുകളുടെ പരപ്പളവ്എണ്ണം മുതലായവയുടെ കണ്ടെത്തൽ. | ജൂൺ-മാർച്ച് | കുട്ടികൾ,ഗണിത അധ്യാപകർ | |
| ◆ ഫീൽഡ് ട്രിപ്പ് | ➢ ഗണിത ആശയങ്ങൾ ഉറപ്പിക്കാനും കണ്ടു മനസ്സിലാക്കാനും ആയി ഉചിതമായ സ്ഥലങ്ങളിൽ സന്ദർശനം നടത്തൽ. | ജൂൺ-മാർച്ച് | ഗണിത അധ്യാപകർ | |

# പദ്ധതി വിശദാംശങ്ങൾ

## എച്ച് എസ് വിഭാഗം

**മേഖല : അക്കാദമികം**

**ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതുവാനും വായിക്കുവാനുമുള്ള ശേഷി വികസനം | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദനിർമ്മാണം<br>• വാക്യനിർമാണം<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് | 6 മാസം | മലയാളം അധ്യാപകർ | |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | • പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ വായിച്ച് ഉച്ചാരണ ശുദ്ധി വളർത്തുന്നു<br>• നവമാധ്യമങ്ങളുടെ സഹായത്തോടെ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു<br>• അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ക്വിസ് സംഘടിപ്പിക്കുന്നു.<br>• പുസ്തക ചർച്ചകൾ സംഘടിപ്പിക്കുന്നു<br>• ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ<br>• ക്ലാസ് | 6 മാസം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• സമീപ ഗ്രന്ഥശാല അംഗത്വം<br>• പത്രവായന<br>• പുസ്തകചർച്ച<br>• വായനക്കുറിപ്പ് പതിപ്പ്<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>• ദിനാചരണം<br>• ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>• ഇ വായന | | | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • എഴുത്തുകൂട്ടം രൂപീകരണം<br>• വായന കുറുപ്പ്<br>• ചുമർപത്രിക<br>• വ്യക്തിഗത രചന<br>• സംഘ രചന<br>• സ്കൂൾ മാസിക<br>• ഭാഷാ പ്രോജക്ട്<br>• പുസ്തക ചർച്ച | 6 മാസം - 1 വർഷം | മലയാളം അധ്യാപകർ | |
| സദസിനെ അഭിമുഖീകരിക്കുവാൻ പ്രാപ്തരാക്കുക | • മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br>• വ്യക്തിഗതമായി സംസാരിക്കുവാൻ അവസരം നൽകുന്നു. | 6 മാസം - 1 വർഷം | മലയാളം അധ്യാപകർ | |

## എച്ച് എസ് വിഭാഗം

**മേഖല : അക്കാദമികം**

**ഉപമേഖല : ENGLISH**

| AIM | ACTIVITIES | TIME | RESPONSIBILITY | FUND |
|---|---|---|---|---|
| Knowing the level of students and giving remedial work | ■ Pre test is done in the beginning<br>■ Categorising the students according to the score<br>■ giving practise in writing capital and small letters<br>■ Reading small passages | 2 months | ■ Teachers,<br>■ P T A | |
| To make the children communicate in English effectively and confidently | ■ Conducting English assembly in each and every class ensuring the participation of all students in it<br>■ Spoken English classes are conducted throughout the year<br>■ Various classroom discourses like diary,letter,speech skit etc are given .Timely help to improve the product is done by the teacher. | 6 months | ■ Teachers,<br>■ P T A | |
| To give the children maximum exposure of language and to develop their reading habit. | ■ Children are given exposure to language by reading books and for that they are given opportunity to visit the School | 6 months | ■ Teachers<br>■ P T A | |

| | | | | |
|---|---|---|---|---|
| | library within every two weeks in a month<br>■ Selection of books is done according to the level of the students under the responsibility of escorting teachers<br>■ Public speaking opportunities are given<br>■ English newspaper reading is made compulsory<br>■ News reading competitions are conducted | | | |
| To give the children opportunity to perform | ■ Skit and puppet shows are conducted in which language, dialogues ,stage setting , performance etc are important | 2 months | English Teacher | |
| To encourage creative writing and other special talents | ■ Poem recitation-competitions and writing appreciation of poems, drawing competitions are done<br>■ publishing magazine compiling different literary works of the children | 2 months | Teachers, PTA | |
| To make use of ICT in language learning | ■ English film is shown<br>■ Listening to speeches made by great men. | 2 months | Teachers, PTA | |

| | | | | |
|---|---|---|---|---|
| | ■ Imaginary speeches made by the characters in the texts are shown with the help of AI | | | |

## എച്ച് എസ് വിഭാഗം

## മേഖല : അക്കാദമികം

## ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയപ്പെടുത്തുന്നു അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു | ◆ അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br>◆ ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | ജൂൺ - ജൂലൈ | ഹിന്ദി അധ്യാപിക | |
| ആഴ്ചയുടെ എണ്ണങ്ങൾ പരിശീലിപ്പിക്കുകയും പരിചയപ്പെടുത്തുകയും ചെയ്യുന്നു | ◆ ക്ലാസിലെ ഓരോ വിദ്യാർത്ഥികളുടെയും പേര് ജനനത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു<br>◆ വർക്ക് സീറ്റുകൾ നൽകുന്നു<br>◆ ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | ഓഗസ്റ്റ് , സെപ്റ്റംബർ, ഒക്ടോബർ , നവംബർ | ഹിന്ദി അധ്യാപിക | |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു | ◆ കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു<br>◆ ചിത്രകഥകൾ കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായിക്കാൻ നൽകുന്നു | ഡിസംബർ ,ജനുവരി | ഹിന്ദി അധ്യാപിക | |
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിശീലനം | ◆ വർക്ക് സീറ്റുകൾ നൽകുന്നു | ഡിസംബർ ,ജനുവരി | ഹിന്ദി അധ്യാപിക | |

| | | | | |
|---|---|---|---|---|
| നൽകുന്ന | | | | |
| സാഹിത്യ അഭിരുചി വളർത്തുക ഹിന്ദി വാരാഘോഷ സമയത്ത് കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്ന | ◆ പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്ന | ഡിസംബർ ,ജനുവരി | ഹിന്ദി അധ്യാപിക | |
| നാമം സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കാനും പരിചയപ്പെടുത്തുന്ന | ◆ അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്ന | ഡിസംബർ ,ജനുവരി | ഹിന്ദി അധ്യാപിക | |

## എച്ച് എസ് വിഭാഗം

**മേഖല : അക്കാദമികം**

**ഉപമേഖല : സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരീക്ഷണ നിരീക്ഷണ പാടവം പ്രോത്സാഹിപ്പിക്കുക | ◆ ലഘുപരീക്ഷണങ്ങൾ കുട്ടികൾക്ക് സ്വയം ചെയ്യുവാനും മറ്റു കുട്ടികൾക്ക് കാണിച്ചു കൊടുക്കുവാനുമുള്ള അവസരം നൽകുന്നു.<br>◆ ചാർട്ടുകൾ മോഡലുകൾ എന്നിവ തയ്യാറാക്കാനുള്ള അവസരം<br>◆ ലഘു പ്രോജക്ടുകൾ ചെയ്യാനും അവതരിപ്പിക്കാനുമുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ് ,സയൻസ് ടീച്ചർ | പിടിഎ |
| ശാസ്ത്രത്തോടുള്ള ആഭിമുഖ്യം വളർത്തൽ | ◆ വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ തയ്യാറാക്കിയ ഉത്പന്നങ്ങളുടെ പ്രദർശനം.<br>◆ ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>◆ ശാസ്ത്രപുസ്തകങ്ങൾ മാസികകൾ എന്നിവയുടെ വിതരണം | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ് ,സയൻസ് ടീച്ചർ | പിടിഎ |
| പഠന പിന്നോക്കക്കാർക്കായി അധിക പരിശീലനം | ◆ ശ്രദ്ധ, നവ പ്രഭ പദ്ധതി എന്നിവ വിപുലീകരിച്ചുകൊണ്ട് പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളെ മറ്റു കുട്ടികൾക്കൊപ്പം എത്തിക്കുന്നതിനുള്ള പ്രത്യേക പരിശീലനം. | ജൂൺ മുതൽ ഡിസംബർ വരെ | സയൻസ് ക്ലബ് ,സയൻസ് ടീച്ചർ | പിടിഎ |
| പരിസ്ഥിതി സൗഹൃദം മനോഭാവം വളർത്തിയെടുക്കുക | ◆ പച്ചക്കറിത്തോട്ടം ഔഷധത്തോട്ടം ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ. | അക്കാദമിക വർഷം | സയൻസ് ക്ലബ് ,സയൻസ് ടീച്ചർ | പിടിഎ |

| | | | | |
|---|---|---|---|---|
| | ◆ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത സ്കൂൾ. | | | |
| ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ ബോധ്യപ്പെടുത്തുക | ◆ ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br>◆ പുതിയ കണ്ടെത്തലുകൾ ശാസ്ത്രവിസ്മയസത്യങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് ക്ലബ് ,സയൻസ് ടീച്ചർ | പിടിഎ |
| സുസ്ഥിരവികസനം എന്ന ആശയം ബോധ്യപ്പെടുത്തുക | ◆ പരിസ്ഥിതിയും വികസനവും - സെമിനാർ, കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, മരങ്ങൾ നട്ടുപിടിപ്പിക്കൽ ,ഫീൽഡ്ട്രിപ്പ് . | അക്കാദമിക വർഷം | സയൻസ് ക്ലബ് ,സയൻസ് ടീച്ചർ | പിടിഎ |
| സാമൂഹ്യ പ്രതിബദ്ധത | ◆ അവയവദാനം - പോസ്റ്റർ, ബോധവൽക്കരണ പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | സയൻസ് ക്ലബ് ,സയൻസ് ടീച്ചർ | പിടിഎ |
| വ്യക്തി ശുചിത്വം സാമൂഹിക ശുചിത്വം എന്നിവ പാലിച്ചുകൊണ്ട് ആരോഗ്യം കൈവരിക്കൽ | ◆ സാംക്രമിക രോഗങ്ങൾ - വീഡിയോ ക്ലിപ്പിംഗ് , കൗമാര ഘട്ടത്തിലെ ഭക്ഷണരീതി, ശുചിത്വം, സ്കൂൾ അസംബ്ലിയിൽ പ്രഭാഷണം, ആരോഗ്യ ബോധവൽക്കരണ ക്ലാസ്- ജീവിതശൈലി രോഗങ്ങൾ, കൗമാരകാലം സാധ്യതകളും വെല്ലുവിളികളും, മദ്യം പുകവലി മയക്കമരുന്ന് ഒഴിവാക്കൽ, നേത്ര പരിശോധന ക്യാമ്പ്. | അക്കാദമിക വർഷം | സയൻസ് ക്ലബ് ,സയൻസ് ടീച്ചർ | പിടിഎ |
| ശാസ്ത്രത്തിനു വേണ്ടി ജീവിത സമർപ്പിച്ചവരോട് ആദരവ് പുലർത്തുക | ◆ ശാസ്ത്രജ്ഞർ-ചിത്രങ്ങൾ, ആൽബം തയ്യാറാക്കൽ, സംഭാവനകൾ -പതിപ്പ് നിർമ്മാണം, ശാസ്ത്രജ്ഞന്മാരുടെ | മൂന്നുമാസം | സയൻസ് ടീച്ചർ,പിടിഎ | പിടിഎ |

| | | | | |
|---|---|---|---|---|
| | ജീവിതവുമായി ബന്ധപ്പെട്ട പുസ്തക ശേഖരണം. | | | |
| ശാസ്ത്രത്തിൻറെ നേട്ടങ്ങളിൽ അഭിമാനം വളർത്തിയെടുക്കൽ, ശാസ്ത്രത്തിൻറെ ദുരുപയോഗം തടയൽ | ◆ ജനിതക എൻജിനീയറിങ്- നേട്ടങ്ങൾ കോട്ടങ്ങൾ, - ഡിബേറ്റ് ,ജൈവായുധങ്ങൾ- ഭീഷണി ലേഖനങ്ങൾ | മൂന്നുമാസം | | പിടിഎ |
| ശാസ്ത്രരംഗങ്ങളിൽ ഉണ്ടായ നേട്ടങ്ങളെ കുറിച്ചുള്ള തിരിച്ചറിവ് | ◆ ബഹിരാകാശ മേഖലകളിൽ ആരോഗ്യരംഗം വ്യാവസായിക രംഗം എന്നിവയിൽ ഉണ്ടായ പുരോഗതി, സെമിനാർ, വീഡിയോ ക്ലിപ്പിംഗ് എന്നിവയിലൂടെയുള്ള ബോധവൽക്കരണം ഫീൽഡ് ട്രിപ്പ് ഐഎസ്ആർഒ പ്ലാനറ്റോറിയം തിരുവനന്തപുരം | മൂന്നുമാസം | സയൻസ് ക്ലബ് ,സയൻസ് ടീച്ചർ | പിടിഎ |
| ഊർജ്ജ സംരക്ഷണം | ◆ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം പരമാവധി പ്രോത്സാഹിപ്പിക്കൽ ,വൈദ്യുതോർജ്ജം സംരക്ഷിക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ. | 2 മാസം | സയൻസ് ക്ലബ് ,സയൻസ് ടീച്ചർ,പിടിഎ , എച്ച് എം | പിടിഎ |
| ലഘു ഉപകരണങ്ങളുടെ നിർമ്മാണ പ്രയോഗം | ◆ പാഠഭാഗവുമായി ബന്ധപ്പെട്ട ലഘു ഉപകരണങ്ങൾ നിർമ്മിക്കൽ, ശാസ്ത്രതത്വം തിരിച്ചറിയുന്നതിന് വേണ്ടി രാസപ്രവർത്തനങ്ങളെ രാസ സമവാക്യങ്ങൾ ഉപയോഗിച്ച് എഴുതുവാൻ ഉള്ള വർക്ക് ഷീറ്റുകൾ നൽകുന്നു | 3 മാസം | സയൻസ് ക്ലബ് ,സയൻസ് ടീച്ചർ,പിടിഎ , എച്ച് എം | പിടിഎ |

## എച്ച് എസ് വിഭാഗം

**മേഖല : അക്കാദമികം**

**ഉപമേഖല : സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | ◆ അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ ,അറ്റ്ലസ്സുകൾ തുടങ്ങിയവ ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി തുടങ്ങിയവയിൽ സംഘടിപ്പിക്കുക. തുടർന്ന് ക്ലാസ് റൂം കോർണറുകൾ സജ്ജീകരിച്ച് കുട്ടികളെ വായനയിലേക്ക് ശ്രദ്ധ പതിപ്പിക്കുന്നു | ആഴ്ചയിൽ ഒരു തവണ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | ◆ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനഘട്ടങ്ങൾ കുട്ടികളെ കൊണ്ട് ചെയ്യിക്കുന്നു.<br>◆ സ്കൂൾ തിരഞ്ഞെടുപ്പ് സമയത്ത് ഇതേ മാതൃകയിൽ ബാലറ്റ് പേപ്പറുകൾ തയ്യാറാക്കി കുട്ടികളെ കൊണ്ട് വോട്ട് ചെയ്യിക്കുന്നു.<br>◆ വോട്ടെണ്ണൽ ഫലപ്രഖ്യാപനം സത്യപ്രതിജ്ഞ എന്നിവ നടപ്പിലാക്കുന്നു.<br>◆ സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു<br>◆ ജനാധിപത്യ മൂല്യങ്ങൾ | നാല് തവണ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |

| | | | | |
|---|---|---|---|---|
| | സമൂഹത്തിൽ നടപ്പിലാക്കുന്നതിനായി മുതിർന്നവരെ ബഹുമാനിക്കുക ,ശ്രദ്ധിക്കുക ,പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുക പൊതുമുതൽ നശിപ്പിക്കാതിരിക്കുക തുടങ്ങിയ മൂല്യങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു | | | |
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ മ്യൂസിയങ്ങൾ ചുവർ ചിത്രങ്ങൾ ക്ഷേത്ര കലകൾ കോട്ടകൾ തുടങ്ങിയവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കൽ. | ◆ പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങളെ കുറിച്ചുള്ള അറി വ് ശേഖരണം | ഒരുതവണ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |
| ആനുകാലിക വിഷയങ്ങളെ കുറിച്ചുള്ള അറി വ് ശേഖരണം പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക | ◆ സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സെമിനാർ ,സംവാദം, പാനൽ ചർച്ച, കാലാവസ്ഥ വ്യതിയാനത്തെ കുറിച്ച് ഉച്ചകോടി എന്നിവ സംഘടിപ്പിക്കുന്നു.<br>◆ പത്രവായനയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ചോദ്യോത്തരങ്ങൾ തയ്യാറാക്കി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.<br>കുട്ടികളെ ഗ്രൂപ്പായി തിരിച്ച് ഓരോ | മാസത്തിലൊരുതവണ | സാമൂഹ്യ ശാസ്ത്ര അധ്യാപിക സാമൂഹ്യ ശാസ്ത്ര ക്ലബ് | |

| | | | | |
|---|---|---|---|---|
| | ദിവസത്തെയും പത്രത്തിലെ പ്രധാന വാർത്തകൾ കണ്ടെത്തി ചർച്ചചെയ്യുന്നു. | | | |

## എച്ച് എസ് വിഭാഗം

**മേഖല : അക്കാദമികം**

**ഉപമേഖല : ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, ഗണിത ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോട്ട നിൽക്കുന്ന കുട്ടികൾ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | |
| ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പിടിഎ | |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ്ബ് | |
| സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തല വൻ | |
| അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ,ഇടപെടൽ, ചർച്ചകൾ ,പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം ,തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | **ഗണിത ഗ്രാമം** കുട്ടികൾകൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | | | |
| ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ്, സെക്രട്ടറി അധ്യാപകർ പി ടി എ | |
| ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ് ,ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്ന ചുമതലകൾ നൽകുന്ന | എല്ലാ അധ്യാപകരും | അധ്യാപകർ, എച്ച് .എം, പി ടി എ പ്രസിഡന്റ്. | |

## എച്ച് എസ് വിഭാഗം

**മേഖല : അക്കാദമികം**

**ഉപമേഖല : സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കേൾവി | **സംസ്കൃത കളരി**<br>സംസ്കൃത ലഘുഗാനങ്ങൾ കേൾപ്പിക്കുന്നു.<br>അക്ഷരഗാനം,സംഖ്യ ഗാനം,<br>സുഭാഷിതങ്ങൾ,കൂടെ പാടിക്കുന്ന അക്ഷര<br>ശ്ലോക സദസ്സ്, ഐ സി ടി സാധ്യത<br>പരമാവധി പ്രയോഗിച്ച് പഠനശേഷിക്കുള്ള<br>അവസരം ഒരുക്കുന്നു | ഒരുമാസം | സംസ്കൃതം<br>അധ്യാപിക<br>കുട്ടികൾ | |
| എഴുത്ത് | എഴുത്ത് രീതി പരിചയപ്പെടുത്തുന്നു,<br>അക്ഷരങ്ങളുടെ പുറത്തുകൂടി വീണ്ടും വീണ്ടും<br>എഴുതി പഠിപ്പിക്കുന്നു, കുത്തുകൾ<br>യോജിപ്പിച്ച് അക്ഷരങ്ങളുടെ എഴുത്തും<br>വായനയും നടത്തുന്നു, ഗ്രൂപ്പുകളിൽ<br>വർണ്ണമാല ചാർട്ട് നിർമ്മാണം<br>നടത്തുന്നു.ശബ്ദകോശം ,ചിത്രപദകോശം<br>,സംഖ്യാകോശം ,വാക്യ രചന ,പ്രശ്ന<br>വാചകപദങ്ങൾ എന്നിവ എഴുതുന്നു | ഒരു വർഷം | സംസ്കൃതം<br>അധ്യാപിക | |
| വായന | ഭാഷാ ലാബ് നിർമ്മാണം<br>പുസ്തകപരിചയം<br>കഥാകഥനം | ഒരുമാസം | സംസ്കൃതം<br>അധ്യാപിക | |
| അവതരണം | സംഭാഷണം<br>നാടക അഭിനയം | ഒരു വർഷം | സംസ്കൃതം<br>അധ്യാപിക | |
| ചിത്രീകരണം | വിവിധ ഡോക്യുമെന്ററികൾ നിർമ്മിക്കൽ | ഒരു വർഷം | സംസ്കൃതം<br>അധ്യാപിക | |

## പ്രവർത്തനം -കായിക പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം | ആഴ്ചയിൽ രണ്ട് ദിവസം | പിടിഎ അധ്യാപകർ | |
| സമ്മാനം നൽകി അനുമോദിക്കൽ | സ്കൂൾതലം ,ഉപജില്ലാതലം , ജില്ലാതലം ,സംസ്ഥാനതലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോ വിതരണവും | മത്സരയിനങ്ങൾക്ക് ശേഷം | എച്ച് എം, അധ്യാപകർ | |

## പ്രവർത്തനം -മെഡിക്കൽ ക്യാമ്പ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം പരിശോധന നടത്തൽ | ഒരു വർഷം | എച്ച് .എം പി ടി എ | പി ടി എ |

## പച്ചക്കറി തോട്ടം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതി വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു തവണ | എസ് ആർ ജി | |

## ജൈവവൈവിധ്യ പാർക്ക്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | വർഷത്തിൽ ഒരുതവണ | എസ് ആർ ജി പിടിഎ | |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പിടിഎ<br>കൃത്യമായ അജണ്ട വച്ച്<br>പ്രതിമാസം ഒത്തുചേരൽ .<br>പഠന പുരോഗതി<br>പരിശോധിക്കൽ<br>മികവുകളുടെ അവതരണം | പ്രതിമാസം | ക്ലാസ് ടീച്ചർ | |

## പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനുപ്രകാരം പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ<br>എച്ച് എം<br>പി ടി എ | ഗവൺമെന്റ് ഫണ്ട് |

## മോണിറ്ററിംഗ്

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ്
- പി.ടി.എ,എം .പി .ടി .എ, എസ് ആർ ജി ( സോഷ്യൽ മോണിറ്ററിംഗ് )
- ദൈനംദിന മോണിറ്ററിംഗ് (എച്ച് .എം )

## ഉപസംഹാരം

വിദ്യാലയത്തെ സർവ്വതോന്മുഖമായ വികസനത്തിലേക്ക് എത്തിക്കുന്നതിനും മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും ഈ വികസനരേഖ ഉപകാരപ്പെടുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

*****